**പത്രക്കുറിപ്പ്**

**28 9 2017**

## കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ അഞ്ച് സംസ്ഥാനങ്ങളിലേക്ക് കൂടി

തിരുവനന്തപുരം: കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ പ്രവർത്തനങ്ങൾ അഞ്ച് സംസ്ഥാനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നു. കുടുംബശ്രീ മാതൃക മറ്റ് സംസ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിനായുള്ള എൻആർഒ പ്രവർത്തനങ്ങൾ മണിപ്പൂർ, ഉത്തർ പ്രദേശ്, മധ്യപ്രദേശ്, ആന്ധ്ര പ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലേക്ക് കൂടിയാണ് വ്യാപിപ്പിക്കുന്നത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനവും സംയോജിപ്പിച്ചുള്ള വികസന പ്രവർത്തനങ്ങളും ഉപജീവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കലുമാണ് കുടുംബശ്രീ എൻആർഒയുടെ ദൗത്യം.

മണിപ്പൂരിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഒക്ടോബർ മുതൽ കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ അവിടെ ആരംഭിക്കും. ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് നടത്തുന്ന ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ആസാം, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ത്രിപുര, ഒഡീഷ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഈ പദ്ധതി പൂർത്തിയാക്കി കഴിഞ്ഞു. ഒഡീഷയിൽ ആറ് ജില്ലകളിലും 40 ഗ്രാമ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

മധ്യപ്രദേശിലും ഉത്തർപ്രദേശിലും ആന്ധ്ര പ്രദേശിലും തെലങ്കാനയിലും ഒപ്പം ഛത്തിസ്ഗഢിലും ഉപജീവന പദ്ധതികളുടെ ഭാഗമായുള്ള എസ്വിഇപി (സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം) കുടുംബശ്രീ എൻആർഒ നടപ്പിലാക്കും. ഇത് സംബന്ധിച്ചുള്ള ധാരണാപത്രത്തിൽ ഉടൻ ഒപ്പുവയ്ക്കും. കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ ഛത്തീസ്ഗഢിൽ നേരത്തേ മുതൽ നടപ്പിലാക്കിയിരുന്നു. 11 സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണ പ്രദേശത്തുമാണ് നിലവിൽ കുടുംബശ്രീ എൻആർഒ പ്രവർത്തിക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ മികച്ച രീതിയിൽ ദാരിദ്ര്യ നിർമ്മാ ർജ്ജന പ്രവർത്തനങ്ങൾ നപ്പിലാക്കിയതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ അവാർഡും കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ സ്വന്തമാക്കിയിരുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**